**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - കണ്ണൂർ നഗരസഭ - വിജിലൻസ് മിന്നൽ പരിശോധന - നഗരസഭാ സെക്രട്ടറിമാർക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്**

സ.ഉ. (സാധാ) നം.879/2020/തസ്വഭവ. തീയതി, തിരുവനന്തപുരം, 13.05.2020

പരാമർശം :- 1. വിജിലൻസ് & ആന്റി-കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 03.03.2015 തീയതിയിലെ ഇ 13 (എസ്.സി. 60/2011/കെ.എൻ.ആർ.) 476/2012 നമ്പർ കത്ത്.

2. കണ്ണൂർ നഗരസഭാ സെക്രട്ടറിമാരായിരുന്ന ശ്രീ വി . ആർ രാജുവിനും ശ്രീ ബി . കെ ബലരാജിനും നൽകിയ 12.03.2014 തീയതിയിലെ 11747/ഇ.യു.1/2014/ത.സ്വ.ഭ.വ. നമ്പർ കുറ്റപത്രം.

3. കുറ്റപത്രത്തിന് ശ്രീ വി . ആർ രാജു, ശ്രീ ബി. കെ. ബലരാജ് എന്നിവർ സമർപ്പിച്ച യഥാക്രമം 15.05.2014, 28.11.2014 എന്നീ തീയതികളിലെ പ്രതിവാദ പത്രികകൾ.

4. നഗരകാര്യ ഡയറക്ടറുടെ 21.10.2015, 16.05.2018 എന്നീ തീയതികളിലെ വി2-6039/2014 നമ്പർ കത്തുകൾ.

**ഉത്തരവ്**

'ഓപ്പറേഷൻ അവിയൽ' എന്ന പേരിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ കണ്ണൂർ നഗരസഭയിൽ നടത്തിയ മിന്നൽ പരിശോധനയിൽ വിവിധ കെട്ടിട നിർമ്മാണങ്ങളിലെ ക്രമക്കേടുകൾ കണ്ടെത്തുകയും റിപ്പോർട്ട് നൽകുകയും ചെയ്തിരുന്നു. ഗ്രാന്റ് പ്ളാസ, കല്യാണി കോംപ്ളക്സ്, ധനലക്ഷ്മി ഹോസ്പിറ്റൽ, സ്കൈ പാലസ്, ആശീർവാദ് ആശുപത്രി, സെവൻ സ്റ്റാർ ലോഡ്ജ്, മലബാർ ഗോൾഡിനടുത്തുള്ള കെട്ടിടം എന്നീ കെട്ടിടങ്ങളാണ് ബിൽഡിംഗ് റൂളിന് വിരുദ്ധമായി നിർമ്മിച്ചതെന്ന് മിന്നൽ പരിശോധനയിൽ കണ്ടെത്തിയത്. ഹോട്ടൽ ഹൈപാലസിന് പെർമിറ്റ് നൽകിയതിന് ഉത്തരവാദിയായ സെക്രട്ടറി ശ്രീ.ബി.കെ.ബലരാജാണെന്നും ധനലക്ഷ്മി ആശുപത്രിയുമായി ബന്ധപ്പെട്ട കേസിൽ മുനിസിപ്പൽ സെക്രട്ടറി ശ്രീ.വി.ആർ. രാജുവാണ് ഉത്തരവാദിയെന്നും കണ്ണൂർ കോർപ്പറേഷൻ സെക്രട്ടറി റിപ്പോർട്ട് ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഇരുവർക്കുമെതിരെ അച്ചടക്ക നടപടി

സ്വീകരിക്കുകയും പരാമർശം രണ്ട് പ്രകാരം കുറ്റപത്രം നൽകുകയും ചെയ്തിരുന്നു.

2. പരാമർശം മൂന്ന് പ്രകാരം ഇരുവരും എതിർവാദ പത്രികകൾ ലഭ്യമാക്കിയിരുന്നു. രണ്ടുപേരും കുറ്റം ചെയ്തിട്ടില്ലായെന്നും ആരോപണങ്ങളിൽ നിന്നും ഒഴിവാക്കണമെന്നും ആവശ്യപ്പെടുകയുണ്ടായി.

3. ശ്രീ ബി.കെ. ബലരാജിന്റെ കേസിൽ നഗരകാര്യ ഡയറക്ടർ ചുവടെ ചേർക്കും പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

"ബന്ധപ്പെട്ട ബിൽഡിംഗ് ആപ്ലിക്കേഷൻ രജിസ്റ്റർ പരിശോധിച്ചതിൽ ഇ .3- ബി . എ /2080/07 നമ്പർ ആയി ബേസ്മെന്റ് ഫ്ലോർ + ഗ്രൗണ്ട് ഫ്ലോർ+ സെക്കന്റ് ഫ്ലോർ + മെസനിൻ ഫ്ലോർ + ടെറസ് ഫ്ലോർ എന്നിങ്ങനെ 839.51 ച . മീ തറ വിസ്തൃതിയിലുള്ള കെട്ടിട നിർമ്മാണത്തിനുള്ള അനുമതി 02.07.2008- ന് നൽകിയിട്ടുള്ളത്. അന്നത്തെ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ ബി. കെ. ബൽരാജ് 15.04.2008 മുതൽ 20.07.2009 വരെയാണ് കണ്ണൂർ നഗരസഭയിൽ സേവനമനുഷ്ഠിച്ചിട്ടുള്ളത്. പെർമിറ്റ് രജിസ്റ്ററിൽ മുനിസിപ്പൽ എഞ്ചിനീയർ ആണ് ഒപ്പ് വെച്ചതായും കാണുന്നതെന്നും ബന്ധപ്പെട്ട നോട്ട് ഫയലിൽ സെക്രട്ടറി അനുമതി നൽകിയ ശേഷം മുനിസിപ്പൽ എഞ്ചിനീയർ പ്ലാനും പെർമിറ്റും രജിസ്റ്ററും ഒപ്പ് വെച്ചിട്ടുള്ളതാകാം എന്ന് കണ്ടെത്തിയിരിക്കുന്നു. മേൽ കെട്ടിടത്തിന്റെ മൂന്നു നിലക്കു മുകളിൽ വീണ്ടും നില പണിതുയർത്തവെയാണ് കണ്ണൂർ ഡിഫൻസ് സർവ്വീസ് സെന്റർ സ്റ്റേഷൻ കമാന്റന്റ്, പ്രതിരോധ വകുപ്പിന്റെ അറിവോടു കൂടിയല്ലാതെ പ്രസ്തുത അനധികൃത നിർമ്മാണമെന്ന് കാണിച്ചും 3 നിലക്കേ തങ്ങൾ അനുമതി നൽകിയിരുന്നുള്ളൂ എന്നു കാണിച്ചും നിർമ്മാണ പ്രവർത്തനത്തിനെതിരെ നടപടി ആവശ്യപ്പെട്ടും 03.10.2010- ന് 3000/1/ ആർ. സി ( പി . സി) നമ്പറായി നഗരസഭക്കും ജില്ലാ കളക്ടർക്കും കത്തെഴുതിയിട്ടുള്ളത്. പ്രസ്തുത നിർമ്മാണത്തിനാധാരമായ പുതുക്കിയ അനുമതി മുനിസിപ്പൽ എഞ്ചിനീയർ ഒപ്പ് വച്ചു നൽകിയിട്ടുള്ളത് 03.10.2009- നാണ് എന്ന് ബി. എ രജിസ്റ്റർ പരിശോധിച്ചതിൽ കാണുന്നു. ഈ സമയത്ത് ശ്രീ ബി. കെ. ബലരാജ് കണ്ണൂർ നഗരസഭാ സെക്രട്ടറിയായിരുന്നില്ല. പ്രതിരോധ വകുപ്പിന്റെ കോമ്പൗണ്ടിനടുത്തു തന്നെയുള്ള പ്രസ്തുത കെട്ടിടത്തിന് കൂടുതൽ നിലകൾ പണിതുയർത്തുന്നതിനു മുമ്പായി പ്രതിരോധ വകുപ്പിന്റെ നിരാക്ഷേപ പത്രത്തിനായി നഗരസഭയിൽ നിന്നും അപേക്ഷിച്ചിരുന്നില്ല എന്ന് വ്യക്തമാണ് . മേൽ സൂചിപ്പിച്ച പുതുക്കിയ പെർമിറ്റ് പ്രകാരം ആകെ 1298.96 ച . മീ തറ വിസ്തൃതി വരുന്ന 5 നില + ടെറസ് ഫ്ലോർ വരുന്ന ബഹുനില കെട്ടിടത്തിനാണ് പ്രതിരോധ വകുപ്പിന്റെ എൻ. ഒ. സി ഇല്ലാതെ നഗരസഭ പെർമിറ്റനുവദിച്ചിരിക്കുന്നത്. അപ്രകാരം കൂടുതൽ നിലകൾ പണിയുന്നതിന് എൻ. ഒ. സി വാങ്ങിയിട്ടില്ല എന്നും കെ.എം.ബി.ആർ - ലെ Access width, Fire Escape, FAR എന്നിവയുടെ കാര്യത്തിലും ലംഘനമുണ്ടായെന്നും കുറ്റാരോപണ പത്രികയിൽ സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ പ്രാഥമികമായി 02.07.2008- ന് നൽകിയ പെർമിറ്റനുസൃതമായി പണിതതിനു പുറമെ കൂടുതൽ നിലകൾ പണിയാൻ തുടങ്ങിയതിനനുസൃതമായാണ് മേൽ അപാകതകൾ വന്നിട്ടുണ്ടാവുക എന്ന് കരുതാവുന്നതാണ് . മേൽ സംഗതികളിൽ നിന്നും ആവശ്യമായ

അനുമതിപത്രം ലഭ്യമാക്കാതെ പ്രശ്ന വിധേയമായ പുതുക്കിയ പ്ലാനിന് അംഗീകാരം നൽകിയിട്ടുള്ളത് 03.10.2009- ന് ആണെന്നും 20.07.2009- ന് സ്ഥലം മാറ്റം ലഭിച്ച് പോയ ഉദ്യോഗസ്ഥനെന്ന നിലയിൽ ശ്രീ ബി. കെ. ബലരാജ് ആയതിൽ ഉത്തരവാദിയാകുന്നില്ല എന്നും കാണുന്നു. ടി വിഷയം സംബന്ധിച്ച് ടിയാൻ സമർപ്പിച്ചിട്ടുള്ള വിശദീകരണം വസ്തുതാപരമാണെന്ന് വിലയിരുത്തുന്നു. മേൽ സൂചിപ്പിച്ച കെട്ടിടത്തിന്റെ നിലവിലുള്ള നിർമ്മാണവുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുന്നതിനായി മുനിസിപ്പൽ എഞ്ചിനീയറെ 21.06.2011- ന് നഗരസഭാ സെക്രട്ടറി ചുമതലപ്പെടുത്തിയതിൻ പ്രകാരം നടപടികൾ സ്വീകരിച്ചു വരുന്നതും സാങ്കേതിക യോഗ്യതയുള്ള ഉദ്യോഗസ്ഥൻ തന്നെ പരിശോധിച്ച് കൈകാര്യം ചെയ്യേണ്ടിയിരുന്നതുമാണ്." കൂടാതെ ഈ വിഷയത്തിൽ ശ്രീ ബി. കെ. ബലരാജ് സമർപ്പിച്ചിട്ടുള്ള മറുപടിയുടെ അടിസ്ഥാനത്തിൽ കുറ്റാരോപണങ്ങളിൽ നിന്നും ഒഴിവാക്കാവുന്നതാണെന്നും നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

4. ശ്രീ വി. ആർ രാജു കണ്ണൂർ നഗരസഭയിൽ സെക്രട്ടറിയായി ജോലിയിൽ പ്രവേശിച്ചത് 29.12.2011- ലാണെന്നും കണ്ണൂർ നഗരസഭാ സെക്രട്ടറിയായി ചാർജെടുക്കുന്നതിനു മുമ്പ് നടന്ന വിജിലൻസ് പരിശോധനയുടെ അടിസ്ഥാനത്തിലാണ് ടിയാന് തെറ്റായി ചാർജ്ജ് മെമ്മോ നൽകിയതെന്നും ധനലക്ഷ്മി ഹോസ്പിറ്റലിനു പെർമിറ്റ് നൽകിയത് ടിയാനല്ലെന്നും ശ്രീ വി. ആർ രാജു. മറുപടിയിൽ പറയുന്നു . ഉടമസ്ഥൻ കെട്ടിട നിർമ്മാണം പൂർത്തിയാക്കിയതിനുശേഷം . ഭാഗിക കംപ്ലീഷൻ മാത്രം നൽകുമ്പോൾ ആയതു കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിനും തുടർ നടപടി സ്വീകരിക്കുന്നതിനുമുള്ള ഉത്തരവാദിത്തം കംപ്ലീഷൻ പ്ലാൻ സംബന്ധിച്ച് അന്വേഷണം നടത്തുന്ന ബിൽഡിംഗ് ഇൻസ്പെക്ടർ / ഫസ്റ്റ് ഗ്രേഡ് ഓവർസിയർക്കും ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർക്കും എക്സിക്യൂട്ടീവ് എഞ്ചിനീയർക്കുമാണെന്ന് ശ്രീ.വി . ആർ. രാജുവിന്റെ മറുപടിയിൽ പറയുന്നു . 29.11.2011- ൽ കണ്ണൂർ നഗരസഭാ സെക്രട്ടറിയായി ചാർജെടുത്തതിനുശേഷം നടത്തിയ പരിശോധനയിൽ കംപ്ലീഷൻ വാങ്ങാതെയും ടാക്സ് അടയ്ക്കാതെയും ധനലക്ഷ്മി ഹോസ്പിറ്റൽ പ്രവർത്തിക്കുന്നതായി കണ്ടെത്തിയതിനെ തുടർന്ന് നിയമാനുസൃത നടപടി സ്വീകരിച്ചിട്ടുള്ളതാണെന്നും അനധികൃതമായി ആശുപത്രി ഉപയോഗിച്ചിരുന്ന കെട്ടിടത്തിന് മുനിസിപ്പാലിറ്റി ആക്ട് 1994- ന്റെ 242- ാം വകുപ്പ് പ്രകാരം ടാക്സ് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് റവന്യൂ ഇൻസ്പെക്ടർക്കും റവന്യൂ ഓഫീസർക്കും നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ടിയാൻമാർ നൽകിയ റിപ്പോർട്ട് പ്രകാരം നഗരസഭയ്ക്ക് ടാക്സ് നഷ്ടപ്പെടാതിരിക്കാൻ വേണ്ടി മൂന്നിരട്ടി ടാക്സ് നിയമപരമായി ഈടാക്കിയിട്ടുള്ളതാണെന്നും ശ്രീ വി. ആർ. രാജു മറുപടിയിൽ രേഖപ്പെടുത്തിയിരിക്കുന്നു.

5. ശ്രീ വി . ആർ . രാജു കണ്ണൂർ നഗരസഭാ സെക്രട്ടറിയായി 29.12.2011 മുതൽ 15.04.2013 വരെയുള്ള കാലയളവിലാണ് സേവനമനുഷ്ഠിച്ചിട്ടുള്ളതെന്നും സർക്കാരിന്റെ 27.06.2010- ലെ 36587/ ആർ . എ 1/09/ തസ്വഭവ നം . സർക്കുലർ പ്രകാരം പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ള അളവുകൾ ലഭ്യമാക്കിയിട്ടുണ്ടോ എന്ന് ഉറപ്പു വരുത്തേണ്ടത്

നേരിട്ട് സ്ഥലം പരിശോധിക്കേണ്ട ഉദ്യോഗസ്ഥന്റെ ഉത്തരവാദിത്തമാണെന്നും സ്ഥലപരിശോധന നടത്തുന്ന ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചട്ടം ലംഘിച്ച് നിർമ്മാണാനുമതി നൽകുന്ന പക്ഷം അതിന്റെ പൂർണ്ണ ഉത്തരവാദിത്തം നേരിട്ട് പരിശോധന നടത്തിയ ഉദ്യോഗസ്ഥർക്ക് മാത്രമായിരിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ടെന്നും ശ്രീ വി. ആർ രാജുവിന്റെ മറുപടിയുടേയും വിജിലൻസ് പരിശോധന നടന്നതിനുശേഷമാണ് ടിയാൻ കണ്ണൂർ നഗരസഭാ സെക്രട്ടറിയായി ചാർജ്ജെടുത്തതെന്ന നഗരസഭാ സെക്രട്ടറിയുടെ റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ കണ്ണൂർ നഗരസഭയിലെ അനധികൃത നിർമ്മാണത്തിന് ശ്രീ വി. ആർ. രാജു ഉത്തരവാദിയല്ലായെന്നുള്ളത് പരിഗണിച്ച് ടിയാനെ കുറ്റവിമുക്തനാക്കാവുന്നതാണെന്ന് നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തിരുന്നു .

6. ആരോപണ വിധേയമായ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ സംബന്ധിച്ച വിജിലൻസ് അന്വേഷണ (VC 09/2014/VACB/KNR) റിപ്പോർട്ട് എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജിന്റെ കോടതിയിൽ സ്വീകരിക്കുകയും തുടർ നടപടികൾ അവസാനിപ്പിക്കുകയും ചെയ്തിരുന്നു.

7. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ.വി.ആർ രാജു, ശ്രീ ബി. കെ. ബലരാജ് എന്നിവർ സമർപ്പിച്ച മറുപടിയും മേൽ വസ്തുതയും നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ടും പരിഗണിച്ച് ടിയാളുകൾക്കെതിരെയുള്ള അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

രമണി മാത്യു

അഡീഷണൽ സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ.

ഡയറക്ടർ, വിജിലൻസ് & ആന്റി-കറപ്ഷൻ ബ്യൂറോ , തിരുവനന്തപുരം.

സെക്രട്ടറി, തൃപ്പൂണിത്തുറ നഗരസഭ

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (നഗരകാര്യ ഡയറക്ടർ മുഖേന)

വിജിലൻസ് വകുപ്പ് (11.02.2019 തീയതിയിലെ ഡി.1//1115/2018/വിജ് നമ്പർ പ്രകാരം).

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.